**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 333** **04-10-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയം ഭരണ പൊതുസർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് എന്ന് മുതൽ ആണ് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 19.07.2010-ലെ 11884/R1/2007/P&ARD നമ്പർ Circular (Simplified procedure for framing Special Rules)പ്രകാരമുള്ള നടപടിക്രമം പാലിച്ച് അന്തിമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, ജില്ലാതല ഓഫീസുകൾ എന്നിവ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികളും സമയബന്ധിതമായി പൂർത്തിയാക്കി വരുന്നു. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പൊതുസർവ്വീസ് പ്രാവർത്തികമാകുന്നതാണ്. |
| (ബി) | ഇത് പ്രാവർത്തികമാക്കുമ്പോൾ ഉദ്യോഗസ്ഥരുടെ സ്ഥാനപ്പേരിൽ എന്തെങ്കിലും മാറ്റങ്ങൾ സംഭവിക്കുമോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ബി) | ഏകീകൃത വകുപ്പിന്റെ ഘടനയനുസരിച്ച് നിലവിലുള്ള വകുപ്പിൽ നിന്നും സമാനതസ്തികയിലുള്ളവരെ ഏകോപിപ്പിക്കുന്നതിനായി തസ്തികകൾ പുനർനാമകരണം ചെയ്ത് സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് വിശേഷാൽ ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് അന്തിമമായിട്ടില്ല. |

സെക്ഷൻ ഓഫീസർ